ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

14(*134) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ഊർജ്ജ ക്രെഡിറ്റ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ :

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ ; ഏതെല്ലാം വിഭാഗം ഉപഭോക്താക്കൾക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് ;

(സി) ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ ആഫീസുകളിൽ പ്രീപെയ്ഡ് മീറ്റർ സംവിധാനം ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ :

(ഡി) പ്രസ്തുത പദ്ധതിമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ ;

(ഇ) തെരുവു വിളക്കുകൾ യഥാസമയം കത്തിക്കുകയും അണയ്ക്കുകയും ചെയ്യാത്തതുമൂലമുള്ള വൈദ്യുതി നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ഗാർഹിക വൈദ്യുത ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാൻ വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഊർജ്ജ ക്രെഡിറ്റ് സംവിധാനം. പ്രസ്തുത പദ്ധതി വഴി, ഉപഭോക്താവ് ലാഭിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും ഒരു നിശ്ചിത തുക ക്രെഡിറ്റ് ആയി നൽകും. ഈ തുക ഉപയോഗിച്ച് ഉപഭോക്താവിന് സപ്ലൈകോയുടെ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളോ, വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളോ വാങ്ങാവുന്നതാണ്. ഇതുകൂടാതെ ഉപഭോക്താക്കളുടെ ഇടയിൽ നിന്നും പദ്ധതി കാലയളവിൽ അവർ നടത്തിയിട്ടുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന മുന്നു മികച്ച ലേഖനങ്ങൾക്ക് സമ്മാനവും നൽകുന്നതാണ്.

(സി) ഉദ്ദേശിക്കുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതിമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ ചുവടെ വിശദീകരിക്കുന്നു:

(1) സർക്കാർ ഓഫീസുകളിലെ ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിന് വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ സംവിധാനം നടപ്പിലാക്കുന്നതുമൂലം വിവിധ വകുപ്പുകളിലെ ഊർജ്ജ ഉപഭോഗ ചെലവ് നിയന്ത്രിക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(2) എനർജി ഓഡിറ്റിംഗ് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും

(3) ഉപഭോക്താവിന്റെ താൽപ്പര്യമനുസരിച്ച് വൈദ്യുത ഉപഭോഗം നിയന്ത്രിക്കാവുന്നതാണ്.

(4) സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ട ആവശ്യകതയില്ല.

(5) വൈദ്യുതി കുടിശ്ശിക ഇല്ലാതാകുന്നു.

(ഇ) തെരുവു വിളക്കുകൾ യഥാസമയം കത്തിക്കുന്നതിനും അണയ്ക്കുന്നതിനും വേണ്ട നിർദ്ദേശം എല്ലാ സെക്ഷനാഫീസുകളിലും നൽകിയിട്ടുണ്ട്.

കുട്ടനാട് പദ്ധതി

15(*135) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരമ്പരാഗത നെല്ലുത്പാദന മേഖലയായ കുട്ടനാട്ടിലെ നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന കുട്ടനാട് പദ്ധതിയിൻ കീഴിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സ്ഥലത്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും യന്ത്രവൽക്കരണത്തിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) ഓരോ വിഭാഗത്തിനും ഇതുവരെ എത്ര കോടി രൂപ വീതം ചെലവിട്ടുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ശേഷം കുട്ടനാട് മേഖലയിലെ നെല്ലുത്പാദനത്തിൽ എന്തു വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ പ്രസ്തുത മേഖലയിൽ നെല്ലുത്പാദനത്തിൽ പ്രതിവർഷം എത്ര ടണ്ണിന്റെ വർദ്ധനവ് ഉണ്ടാകും എന്നാണ് കരുതുന്നത് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) കൃഷി വകുപ്പ് നടപ്പിലാക്കുന്ന 'സീഡ് വില്ലേജ്' പദ്ധതി പ്രകാരം 2009-10 'പുഞ്ച' കാലയളവിൽ 2228 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. ടി പദ്ധതിയുടെ പ്രയോജനം 22993 ഹെക്ടർ നെൽകൃഷി സ്ഥലത്ത് ലഭിച്ചിട്ടുണ്ട്. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ (ആർ.ഐ.ഡി.എഫ്.) ഉൾപ്പെടുത്തി പാടശേഖരങ്ങളിൽ 14 താത്ക്കാലിക സംഭരണശാലകൾ നിർമ്മിച്ചു. ക്ഷേത്രസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 2009-10 വർഷത്തിൽ അധികമായി 1799 ഹെക്ടർ തരിശു പാടങ്ങളിൽ കൃഷിയിറക്കി. 50 പവർ ടില്ലറുകൾ, കൃഷിക്കാർക്കായി വാങ്ങി. 50 കൊയ്ത്തുമെതിയന്ത്രങ്ങളും ട്രാക്ടറുകളും ഉടൻതന്നെ ലഭ്യമാക്കും.

LIBRARY ARCHIVES Kerala Legislative Assembly